ഹരിതകേരളം മിഷൻ
കേരളസർക്കാർ

ഹരിതകേരളം മിഷൻ

## പ്രസിദ്ധീകരണത്തിന്

05.08.2017

# മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

## സന്നദ്ധ പ്രവർത്തകരുടെ ഗൃഹസന്ദർശനത്തിന് നാളെ തുടക്കമാകും

കേരളത്തെ സമ്പൂർണ്ണ മാലിന്യ രഹിത സംസ്ഥാനമാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ പരിപാടികളുടെ ഭാഗമായി സംസ്ഥാന ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' പരിപാടിയോടനുബന്ധിച്ച് സന്നദ്ധ പ്രവർത്തകർ നടത്തുന്ന ഗൃഹസന്ദർശനം നാളെ (06.08.17 ഞായർ) ആരംഭിക്കും. കിലയുടെ നേതൃത്വത്തിൽ പ്രത്യേക പരിശീലനം സ്വായത്തമാക്കിയ കുടുംബശ്രീ പ്രവർത്തകർ, അങ്കണവാടി ടീച്ചർമാർ, ആശാ വർക്കർമാർ, സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ, വിരമിച്ച ജീവനക്കാർ തുടങ്ങിയവരാണ് വോളണ്ടിയർമാരായി വീടുകൾ സന്ദർശിക്കുന്നത്. ഓരോ വീടുകളിലെയും മാലിന്യ സംസ്കരണ രീതി, ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിക്കാറുണ്ടോ, മലിനജലം, പാഴ്വസ്തുക്കൾ ഇവ എങ്ങനെ കൈകാര്യം ചെയ്യുന്നു തുടങ്ങിയവ സംബന്ധിച്ച വിവര ശേഖരണവും ബോധവത്ക്കരണവുമാണ് ഗൃഹ സന്ദർശനത്തിന്റെ മുഖ്യ ലക്ഷ്യം.

ഈ മാസം 15 നു നടക്കുന്ന 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന പ്രഖ്യാപനത്തിന് മുന്നോടിയായി ആരംഭിക്കുന്ന ഗൃഹസന്ദർശന പരിപാടി ഈ മാസം 13 വരെ നീണ്ടു നിൽക്കും. 50 വീടുകൾക്ക് രണ്ട് വോളന്റിയർമാരെ വീതമാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്. സ്വാതന്ത്ര്യ ദിനാഘോഷ ചടങ്ങിൽ മന്ത്രിമാർ ദേശീയ പതാക ഉയർത്തുന്ന ചടങ്ങിന് ശേഷമാണ് 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന പ്രഖ്യാപനം നടത്തുന്നത്. ഇതോടെ കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കുകയെന്ന മഹായജ്ഞത്തിന് തുടക്കമാകും.

സന്നദ്ധ പ്രവർത്തകർ ശേഖരിക്കുന്ന വിവരങ്ങളുടെയും അവസ്ഥാ നിർണ്ണയ പഠനത്തിന്റെ ക്രോഡീകരണവും വിശകലനവും അടിസ്ഥാനമാക്കിയാണ് സമഗ്ര ശുചിത്വമാലിന്യ സംസ്കരണ പരിപാടിയുടെ തുടർ ക്രിയാത്മക പരിപാടികൾക്ക് നേതൃത്വം നൽകുന്നത്. അതിനാൽ കേരളത്തിലെ എല്ലാ കുടുംബങ്ങളും ഈ കർമ്മ പരിപാടിയിൽ പങ്കാളികളാകണമെന്നും ഗൃഹ സന്ദർശന വേളയിൽ വോളണ്ടിയർമാർക്കാവശ്യമായ വിവരങ്ങൾ നൽകി സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഡോ. ടി.എൻ. സീമ
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം- 695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in

3. PR.HKM.2017